ഉത്തരം

(എ&ബി) പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതിയിന്മേൽ നാദാപുരം ഡിവൈഎസ്.പി. അന്വേഷണം നടത്തിവരുന്നു.

എം.എം.മണിയുടെ അറസ്റ്റ്

150 (155) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.പി.ഐ.(എം) നേതാവ് സഖാവ് എം.എം.മണി നടത്തിയതായ ഒരു പ്രസംഗത്തെ തുടർന്ന് അദ്ദേഹത്തെ പോലീസ് അറസ്റ്റ് ചെയ്തത് എപ്പോഴായിരുന്നു; അറസ്റ്റ് ചെയ്യുന്നതിനായി സംഭവസ്ഥലത്ത് നിയോഗിക്കപ്പെട്ട പോലീസുകാർ എത്രയായിരുന്നു;

(ബി) അറസ്റ്റിനെതുടർന്ന് അദ്ദേഹം എത്ര ദിവസം ജയിലിൽ അടയ്ക്കപ്പെട്ടു; അദ്ദേഹത്തിനു സ്വന്തം നാട്ടിൽ പ്രവേശനം നിഷേധിക്കപ്പെട്ടത് എത്ര ദിവസങ്ങളായിരുന്നു;

(സി) അദ്ദേഹത്തിനെതിരെ പോലീസ് ചാർജ്ജ് ചെയ്ത കേസ് എന്തായിരുന്നു; അദ്ദേഹം ഏത് സ്ഥലത്ത് നടത്തിയ പ്രസംഗത്തിന്റെ പേരിലായിരുന്നു കേസ് എടുത്തത്; കേസ് എടുത്ത പോലീസ് ഉദ്യോഗസ്ഥരുടെയും അതേ തുടർന്നുള്ള അന്വേഷണ സംഘത്തിലെ പോലീസ് ഉദ്യോഗസ്ഥരുടെയും പേരുകളും തസ്തികകളും വെളിപ്പെടുത്താമോ;

(ഡി) പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ തുടരന്വേഷണം നടത്താനുള്ള തീരുമാനം സംബന്ധിച്ച സുപ്രീം കോടതിയുടെ വിധി പ്രസ്താവം എന്തായിരുന്നു;

(ഇ) വിധിയുടെ അടിസ്ഥാനത്തിൽ, നിയമവിരുദ്ധമായി ഒരു പൊതു പ്രവർത്തകനെ ജയിലിൽ അടച്ചും നാടുകടത്തിയും പീഡിപ്പിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) സി.പി.ഐ(എം) ഇടുക്കി ജില്ലാ സെക്രട്ടറി ആയിരുന്ന എം. എം. മണി 25-5-2012-ാം തീയതി തൊടുപുഴ മണക്കാട് വച്ച് നടത്തിയ പ്രസംഗത്തെ തുടർന്ന് ശാന്തൻപാറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 118/82 കേസ് പുനരന്വേഷണം നടത്തിയിട്ടുള്ളതും ടി കേസിലേയ്ക്ക് 21-11-2012-ാം തീയതി കാലത്ത് 5.30 മണിക്ക് പ്രതിയായ എം. എം. മണിയെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. അഞ്ച് പോലീസ് ഉദ്യോഗസ്ഥർ അറസ്റ്റ് ചെയ്യുന്നതിന് നിയോഗിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly